**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 287** **27-06-2024 - ൽ മറുപടിയ്ക്ക്**

**എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. സി. ആർ. മഹേഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2017-ലെ വിദഗ്ധ സമിതി റിപ്പോർട്ട് പ്രകാരം എൻഡോസൾഫാൻ ദുരിതബാധിതരെന്ന് കണ്ടെത്തിയ എല്ലാവരെയും ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനായി 2017-ൽ നടത്തിയ മെഡിക്കൽ ക്യാമ്പിന്റെ ആദ്യ രണ്ട് ഘട്ട മെഡിക്കൽ പരിശോധന പൂർത്തിയായപ്പോൾ പ്രാഥമിക പട്ടികയിൽ ഉൾപ്പെട്ടിരുന്ന 1905 പേരിൽ 874 പേരെ അന്തിമ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 5 പേരെ കൂടി പിന്നീട് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള 1031 പേർ നിർദ്ദിഷ്ട മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതിനാലാണ് അന്തിമ പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടത്. |
| (ബി) | പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെട്ട 1031 പേരെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ; | (ബി) | എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനായി 2017-ൽ നടത്തിയ മെഡിക്കൽ ക്യാമ്പിന്റെ ആദ്യ രണ്ട് ഘട്ട മെഡിക്കൽ പരിശോധന പൂർത്തിയായപ്പോൾ പ്രാഥമിക പട്ടികയിൽ ഉൾപ്പെട്ടിരുന്ന 1905 പേരിൽ 874 പേരെ അന്തിമ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 5 പേരെ കൂടി പിന്നീട് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള 1031 പേർ നിർദ്ദിഷ്ട മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതിനാലാണ് അന്തിമ പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടത്. |
| (സി) | ഇവരെ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | 2017-ലെ മെഡിക്കൽ ക്യാമ്പിന് ശേഷം എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനുള്ള മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനായി മാനദണ്ഡങ്ങൾ വ്യക്തമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മെഡിക്കൽ ക്യാമ്പ് നടത്തുന്നതിന് 15 ലക്ഷം രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ദുരിതബാധിതരെ കണ്ടെത്തുന്നതിനുള്ള ഒന്നാം ഘട്ട പരിശോധനാ നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ